പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 255. | 19/06/2014 -ൽ മറുപടിക്ക്

## രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>,, പി. സി. ജോർജ്<br>,, റോഷി അഗസ്റ്റിൻ. | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) രജിസ്ട്രേഷൻ വകുപ്പിനെ നവീകരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നത്; പുതിയതായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | എ) രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണവുമായി ബന്ധപ്പെട്ട് 311 സബ് രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടർവത്കരിച്ചു.<br>സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ വാല്യങ്ങളിലായി സൂക്ഷിച്ചിരിക്കുന്ന ആധാര വിവരങ്ങൾ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്. ആധാരങ്ങളുടെ ഡിജിറ്റലൈസേഷൻ പൂർണ്ണമായും നടപ്പിലാക്കിയതിനുശേഷം ഭാവിയിൽ പൊതുജനങ്ങൾക്ക് അപേക്ഷിക്കുന്ന ദിവസം തന്നെ ആധാര പകർപ്പുകൾ നൽകുവാൻ സാധിക്കുന്നതാണ്.<br>1980 മുതൽ 1989 വരെയുള്ള ഡാറ്റാ എൻട്രി പൂർത്തിയാകുന്ന മുറയ്ക്ക് 30 വർഷത്തെ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ അപേക്ഷിക്കുന്നതിന്റെ അടുത്ത ദിവസംതന്നെ നൽകുവാൻ കഴിയുന്നതാണ്. ഡാറ്റാ എൻട്രി നടപടികൾ 2014-2015 സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br>ആധാര രജിസ്ട്രേഷനുകൾക്കായി ആധാരകക്ഷികളുടെ സൗകര്യാർത്ഥം തീയതിയും സമയവും മുൻകൂട്ടി നിശ്ചയി |

ക്കുന്നതിനുള്ള ടോക്കൺ സമ്പ്രദായം പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ ആറ് സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ സാധ്യതകൾ പരിശോധിക്കുന്നതാണ്.

വ്യാജ മുദ്രപ്പത്രങ്ങൾ തടയുന്നതിനായി വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി മുദ്രകൾ ഇലക്ട്രോണിക് രൂപത്തിൽ നൽകുന്നതിനുള്ള ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. സേവനപ്രദാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഇ-പേയ്മെന്റ് സൗകര്യം ഏർപ്പെടുത്തിക്കൊണ്ട് ബാദ്ധ്യതാ സർട്ടിഫിക്കറ്റുകളും ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഡിജിറ്റൽ ഒപ്പോടു കൂടി നൽകുന്നതിനുള്ള പദ്ധതിയും സർക്കാരിന്റെ പരിഗണനയിലാണ്.

ബി) രജിസ്ട്രേഷൻ വകുപ്പിലെ ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണ നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ ;

ബി) രജിസ്ട്രേഷൻ വകുപ്പിലെ 311 സബ് രജിസ്ട്രാർ ഓഫീസുകളും കമ്പ്യൂട്ടർവത്കരിച്ചു കഴിഞ്ഞു. കേരളത്തിലെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളും നെറ്റ്‌വർക്ക് ചെയ്യുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിലെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളും തമ്മിൽ ബന്ധപ്പെടുത്തിക്കൊണ്ട് ഇന്റർനെറ്റ് അധിഷ്ഠിത സേവനപ്രദാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി മറ്റ് ജില്ലകളിൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

സി) സംസ്ഥാനത്തെ എല്ലാ രജിസ്ട്രേഷൻ ഓഫീസുകളിലും കമ്പ്യൂട്ടറൈസ്ഡ് ഡാറ്റാ ലഭ്യമാക്കുന്നതിനുള്ള നടപടി

സി) സംസ്ഥാനത്തെ മുഴുവൻ സബ് രജിസ്ട്രാർ ഓഫീസുകളേയും നെറ്റ്‌വർക്കിംഗ് സംവിധാനത്തിലൂടെ

| | |
|---|---|
| 'മിഷൻ 676'-ൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ? | ബന്ധപ്പെടുത്തി കേന്ദ്രീകൃത ഡാറ്റാ ബേസ് സംവിധാനം ഏർപ്പെടുത്തുവാനുള്ള പദ്ധതി 'മിഷൻ-676' -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.